**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1324** **08-12-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളിലെ തുടർപരിപാലന കരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് റോഡുകളിലെ തുടർപരിപാലന കരാറുകൾ പരിശോധിക്കാൻ നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ തുടർ പരിപാലന കരാറുകൾ (റണ്ണിംഗ് കോൺട്രാക്ട്) പരിശോധിക്കാൻ നിലവിൽ വകുപ്പ് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവരുൾപ്പെട്ട സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള പരിശോധന സംഘവും നിലവിൽ ഉണ്ട്. ഇതിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം 45 ദിവസത്തിലൊരിക്കലും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ടീം 30 ദിവസത്തിലൊരിക്കലും പരിശോധനകൾ നടത്തി വരുന്നു. |
| (ബി) | നിലവിൽ പ്രസ്തുത പരിശോധനകൾക്കായി സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പരിശോധനകളിൽ പ്രവൃത്തിയുടെ പുരോഗതി, സാങ്കേതികമായി ചെയ്യുന്ന രീതി എന്നിവയാണ് പ്രധാനമായും പരിശോധിക്കപ്പെടുന്നത്. ഇതിന്റെ ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ വിഭാഗത്തെക്കൊണ്ട് ചെയ്യിക്കുന്നുമുണ്ട്. |
| (സി) | നാളിതുവരെ എത്ര റോഡുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്; ക്രമക്കേട് നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ എല്ലാ റോഡുകളും പരിശോധനയ്ക്ക് വിധേയമാക്കുകയും ക്രമക്കേടുകൾ കണ്ടെത്തുന്നവയിൽ തുടർ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ